# പതിമൂന്നാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1838 — 04.10.2011-ൽ മറുപടി നൽകേണ്ടിയിരുന്നത്

### ഗ്രാമീണ റോഡുകളുടെ നിർമ്മാണ പദ്ധതി

| ചോദ്യം | അന്തിമ മറുപടി |
|---|---|
| ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.റ്റി.യു.കുരുവിള | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി) |
| എ) സംസ്ഥാനത്ത് ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | എ) ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി എല്ലാ വർഷവും ഗ്രാമപഞ്ചായത്തുകൾ പ്രോജക്ടുകൾ തയ്യാറാക്കി ഡി.പി.സി അംഗീകാരത്തോടെ പ്ലാൻ ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവ ഉപയോഗിച്ച് നടത്തി വരുന്നു. ബ്ലോക്ക് പഞ്ചായത്തുകളുടെ റോഡു പുനരുദ്ധാരണ പദ്ധതി പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. |
| ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്രാമപഞ്ചായത്തുകളുടെ റോഡു നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും എത്ര കോടി രൂപ പഞ്ചായത്തുകൾക്ക് അനുവദിച്ചു ; | ബി) 2011-12 വർഷത്തിൽ മെയിന്റനൻസ് ഫണ്ട് റോഡിനത്തിൽ ഇതുവരെ 6 ഗഡുക്കളായി 177,79,35.600/- രൂപ അനുവദിച്ചിട്ടുണ്ട്. വാർഷിക പദ്ധതികൾക്കായി അനുവദിക്കുന്ന വികസന ഫണ്ടിന്റെ ആനുപാതിക തുകയും തനതു ഫണ്ട് തുകയും വിനിയോഗിച്ചു വരുന്നുണ്ട്. |
| സി) പഞ്ചായത്ത് റോഡുകൾക്ക് കുഴികൾ അടയ്ക്കുന്നതിനു വേണ്ടിയുളളഫണ്ട് വകയിരുത്തുമോ ; | സി) പഞ്ചായത്തുകളുടെ തനതു ഫണ്ടിൽ നിന്നും മെയിന്റനൻസ് ഫണ്ട് റോഡ് ഇനത്തിൽ നിന്നും തുക വിനിയോഗിച്ച് വാർഷിക പദ്ധതി രൂപീകരിച്ച് ജില്ലാ ആസൂത്രണ സമിതി അനുമതിയോടെ നിർവ്വഹിച്ചുവരുന്നു. |

| | | | |
|---|---|---|---|
| ഡി) | പഞ്ചായത്ത് റോഡുകളുടെ പുന:ർനിർമ്മാണം അടുത്ത കാലവർഷത്തിനു മുൻപ് തീർപ്പാക്കുവാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; | ഡി) | റോഡു സംരക്ഷണത്തിന് പഞ്ചായത്തുകൾ പ്രോജക്ടുകൾ തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചതിനുശേഷം പഞ്ചായത്തുകളുടെ തനതു ഫണ്ടിൽ നിന്നും മെയിന്റനൻസ് ഫണ്ട് റോഡ് ഇനത്തിൽ നിന്നും പ്ലാൻ ഫണ്ട് ഉപയോഗിച്ചും അറ്റകുറ്റപ്പണികൾ നടത്തിവരുന്നുണ്ട്. |
| ഇ) | എത്ര ഗ്രാമീണ റോഡുകൾ പി.ഡബ്ള്യൂ.ഡി എറ്റെടുത്തു എന്ന് വ്യക്തമാക്കാമോ? | ഇ) | 1381 റോഡുകൾ പി.ഡബ്ള്യൂ.ഡി ഏറ്റെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ